File No.TCPCTP/2369/2019-D1

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കാസറഗോഡ് ജില്ല - കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് ചീമേനി വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/09/2019, 13/01/2020 തീയതികളിലെ D3/5601/19/SC2 നമ്പർ കത്തുകൾ

2. കാസറഗോഡ് ടൗൺ പ്ലാനറുടെ 04/10/2019, 09/01/2020 തീയതികളിലെ സി/855/19 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2369/19-D1 തീയതി:**20/01/2020**

---

കാസറഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചീമേനി വില്ലേജിൽ റീ സർവ്വേ നമ്പർ 260/1/A1A1-ൽ പെട്ട ചീമേനി തുറന്ന (open prison & correction Home) ജയിലിന്റെ 1048 ച.മീ സ്ഥലത്ത് Group-I Occupancy-ൽ പെട്ട sales Building (30.ച.മീ) + Canopy (128 ച.മീ) ഉൾപ്പെടെ 158 ച.മീ തറ വിസ്തീർണ്ണമുള്ള ഒരു പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ സൂപ്രണ്ട്, ഓപ്പൺ പ്രിസൺ ആന്റ് കറക്ഷൻ ഹോം, ചീമേനിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.പി.ബി.ആർ.2011-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധമായ രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. അപേക്ഷകൻ അനുബന്ധ ഏജൻസികളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കണം.
4. ഉപരിതല ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ

സജ്ജീകരണം ഒരുക്കേണ്ടതാണ്.

5. കെ.പി.ബി.ആർ-2011 ലെ ചട്ടം 61(17) പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ഫലമായി ഉൽപാദിപ്പിക്കപ്പെടുന്ന മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുൽപ്പാദനത്തിനും പുനരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 11/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഷീബാറാണി.വൈ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ
സെക്രട്ടറി, കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്,കാസറഗോഡ്

പകർപ്പ്:-

1. സൂപ്രണ്ട്, ഓപ്പൺ പ്രിസൺ ആന്റ് കറക്ഷൻ ഹോം, ചീമേനിവില്ലേജ്, കാസറഗോഡ്
2. ടൗൺ പ്ലാനർ, കാസറഗോഡ്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

5/18/2020